അടിയന്തിരാവസ്ഥയ്ക്ക്

**തീവ്രവാദികൾക്കും സമഗ്രാധിപത്യ ചിന്താഗതിക്കാർക്കുമൊക്കെ ഇന്നും വലിയൊരു തടസ്സം അടിയന്തിരാവസ്ഥയുടെ ചരിത്രമാണെന്നും അത്തരമൊരനുഭവം മുന്നിലുള്ളതിനാൽ ഇന്നത്തെ ഭരണാധികാരികൾക്ക് പ്രകടമായ ജനാധിപത്യ ധ്വംസനം അത്ര സുഖകരമല്ലെന്നും കെ.കെ. സുരേന്ദ്രൻ**

# ജനാധിപത്യം നിലനിർത്തുന്നത് അടിയന്തിരാവസ്ഥയുടെ ചരിത്രം

ജവഹർലാൽ നെഹ്റുവിന്റെ കാലത്ത് ഇന്ത്യ ചേരിചേരാനയം എന്ന പ്രത്യേകതരം വിദേശനയത്തിൽ അടിയുറച്ച് നിൽക്കുകയും ലോകത്ത് തന്നെ രണ്ട് വൻശക്തികൾ (അമേരിക്ക- സോവിയറ്റ് യൂണിയൻ) നേതൃത്വം നൽകുന്ന ബ്ലോക്കുകൾക്ക് സമാന്തരമായി ഒരു ചേരിചേരാ ബ്ലോക്ക് ഉയർത്തിക്കൊണ്ട് വരികയും ചെയ്തു. എന്നാൽ ഇന്ദിരാഗാന്ധി അതിൽ നിന്ന് മെല്ലെ മെല്ലെ വഴുതി മാറുകയും ഒരു സോവിയറ്റ് അനുകൂല വിദേശനയം രൂപപ്പെടുത്തുകയും ചെയ്തു. എസ്.എ. ഡാങ്കെ നേതൃത്വം കൊടുത്ത വലതു കമ്യൂണിസ്റ്റുകാർ ഇന്ദിരാഗാന്ധിയെ പിന്തുണച്ചിരുന്നത് ഓർക്കുക. അങ്ങനെ പ്രത്യയശാസ്ത്രപരമായി തീവ്രവലതു പക്ഷവും ഇടതുപക്ഷവും ഇന്ദിരാഗാന്ധിക്കെതിരാവുക സ്വാഭാവികം മാത്രം.

ഇന്ദിരാഗാന്ധിയെന്ന ഭരണാധികാരിയുടെ വ്യക്തിപരമായ ഫാസിസ്റ്റ് മനോഭാവം മാത്രമാണ് അടിയന്തിരാവസ്ഥയുടെ കാരണമെന്ന ലഘൂകരണം ശരിയല്ല എന്നതാണ് പ്രശ്നം. വലിയ ഒരുഭാഗത്ത് അന്ന് പ്രാമുഖ്യം വഹിച്ചിരുന്ന, സോഷ്യലിസ്റ്റ് എന്ന പേരിൽ നിലനിന്നിരുന്ന ഫാസിസ്റ്റ് ഭരണകൂടങ്ങൾ ഇന്ദിരയ്ക്ക് വലിയ സാധ്യത തുറന്നു കൊടുക്കുന്നുണ്ടായിരുന്നു. ഇന്ത്യയിൽ സി.പി.എം പോലും അടിയന്തിരാവസ്ഥക്കെതിരെ കാര്യമായി പ്രതികരിക്കാതിരുന്നത് അതുകൊണ്ടാണ്. ആ കക്ഷിയുടെ പരമോന്നത നേതാവായിരുന്ന ഇ.എം.എസ് അടിയന്തിരാവസ്ഥയിൽ ജയിലിലായിരുന്നില്ല പുറത്തായിരുന്നു എന്ന കാര്യം ഓർക്കുക. അന്നത്തെ സോഷ്യലിസ്റ്റ് ബ്ലോക്ക് രാജ്യങ്ങളിൽ നിലനിന്നിരുന്ന ഭരണകൂടസ്വഭാവത്തിലൊന്ന് ഇന്ത്യയിലും രൂപപ്പെടുത്തുകയായിരുന്നു ഇന്ദിരാഗാന്ധിയെന്ന് ചുരുക്കം. എന്നാൽ സോഷ്യലിസ്റ്റ് രാജ്യങ്ങളിൽനിന്ന് വ്യത്യസ്തമായി ബഹുകക്ഷി ജനാധിപത്യത്തിന്റേതായ ഒരു പ്രത്യയശാസ്ത്ര പരിസരം ഇന്ത്യയിൽ നിലനിന്നിരുന്നു എന്നതാണ് അടിയന്തിരാവസ്ഥക്കെതിരെ വികാരമുണ്ടാവാനുള്ള രണ്ടാമത്തെ കാരണം.

ചുരുക്കിപ്പറഞ്ഞാൽ ഭരണപരമായ പരാജയങ്ങളും പട്ടിണി തുടങ്ങിയ അടിസ്ഥാനപ്രശ്നങ്ങൾ പരിഹരിക്കാൻ ഫലപ്രദമായി ഒന്നും ചെയ്യാൻ കഴിയാത്ത അവസ്ഥയും (ഗരീബി ഹഠാവോ തുടങ്ങിയ മുദ്രാവാക്യങ്ങൾ മുദ്രാവാക്യങ്ങൾ മാത്രമായി നിന്നുപോയി) വർധിച്ചു വന്ന അഴിമതിയും ഇന്ദിരാഗാന്ധിക്കെതിരായ കോടതി വിധിയുമൊക്കെ ഈയൊരു ബദലിലേക്ക് ഇന്ദിരയെ നയിച്ചു. എന്നാൽ കോൺഗ്രസ്സിനകത്തെ ജനാധിപത്യമോ ജനാധിപത്യവാദികളോ പണിപ്പെട്ടതുകൊണ്ടാണ് അടിയന്തിരാവസ്ഥ പിൻവലിച്ചതെന്ന് അന്നത്തെ ഏത് തീവ്ര നക്സലൈറ്റ് പറഞ്ഞാലും ശരിയാവുകയില്ല. സാമൂഹ്യ നവോത്ഥാനവും കൊളോണിയൽ വിരുദ്ധ സ്വാതന്ത്ര്യ സമരവുമൊക്കെ ഇന്ത്യയിൽ ഉണ്ടാക്കിയ ജനാധിപത്യബോധം തന്നെയാണ് പ്രധാനമായും ഇതിനിടയാക്കിയത്. ഇടതുപക്ഷ സമഗ്രാധിപത്യത്തിനെതിരെ അന്ന് നിലനിന്നിരുന്ന ഇടതു വലത് തീവ്രവാദവും (അവരും സമഗ്രാധിപത്യത്തെ ഉയർത്തിപ്പിടിക്കുന്നവരാണെങ്കിലും) ഇതിനെതിരെ അതിശക്തമായ പ്രതിഷേധം ഉയർത്തി എന്നതും അവർക്ക് കോൺഗ്രസ്സിലെ ബഹുഗുണ, ജഗജീവൻ റാം തുടങ്ങിയ ജനാധിപത്യവാദികളേയും ജയപ്രകാശ് നാരായണനെയും സുരേന്ദ്ര മോഹനേയും പോലുള്ള ജനാധിപത്യ സോഷ്യലിസ്റ്റുകളേയുമൊക്കെ മുന്നിൽ നിർത്താൻ കഴിഞ്ഞു എന്നതും വളരെ പ്രധാനമാണ്.

അടിയന്തിരാവസ്ഥക്കെതിരെ നടന്നത് രണ്ടാം സ്വാതന്ത്ര്യസമരം തന്നെയാണെന്ന് പറയാം. അഴിമതിയും കോർപ്പറേറ്റ് വികസനനയങ്ങളും സ്റ്റേറ്റിന്റെ അമിതമായ പട്ടാളവത്ക്കരണവും ഒക്കെ ചേർന്ന് അടിയന്തിരാവസ്ഥക്ക് സമാനമായ ഒരു അന്തരീക്ഷം ഇന്ത്യയിൽ സമീപകാലത്ത് സംജാതമായിട്ടുണ്ട് എന്നു പറയാം. എന്നാൽ സംഘപരിവാറടക്കമുള്ള തീവ്രവാദികൾക്കും സമഗ്രാധിപത്യ ചിന്താഗതിക്കാർക്കുമൊക്കെ ഇന്നും വലിയൊരു തടസ്സം അടിയന്തിരാവസ്ഥയുടെ ചരിത്രം തന്നെയാണ്. അത്തരമൊരു അനുഭവം നമുക്ക് മുമ്പിലുള്ളതിനാൽ ഇന്നത്തെ ഭരണാധികാരികൾക്ക് പ്രകടമായ ജനാധിപത്യ ധ്വംസനം അത്ര സുഖരമല്ല. തീവ്രവാദ വിരുദ്ധമെന്നൊക്കെ പറഞ്ഞ്